(സി) ഈ റോഡ് ആർ.ഐ.ഡി.എഫ്.-ലെ VIII-ാം സീരീസിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായിട്ടാണ് നബാർഡിന് സമർപ്പിച്ചിരുന്നത്. എന്നാൽ ഈ വർഷത്തെ ആർ.ഐ.ഡി.എഫ്. X-ൽ ഉൾപ്പെടുത്തിയാണ് ഈ റോഡിന് നബാർഡിന്റെ അംഗീകാരം ലഭിച്ചത്. 2004 ഒക്ടോബറിൽ സർക്കാർ ഭരണാനുമതി നൽകിയ ഈ പദ്ധതികൾ 1-12-2004 മുതൽ നിലവിൽ വന്ന പുതിയ പി.ഡബ്ല്യു.ഡി. നിരക്ക് അനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കി സാങ്കേതികാനുമതി ലഭ്യമായതിനുശേഷം മാത്രമേ ടെൻഡർ ചെയ്ത് നിർമ്മാണം ആരംഭിക്കാൻ കഴിയൂ.

(ഡി) റോഡ് നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി ആരംഭിച്ച് 31-3-2006-നകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

വായ്പകൾ തിരിച്ചടയ്ക്കുമ്പോൾ രസീത് നൽകാൻ നടപടി

128 [318] ശ്രീ. കെ. നാരായണക്കുറുപ്പ്:

" റോഷി അഗസ്റ്റിൻ:

" തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൽ നിന്ന് നൽകിയിട്ടുള്ള വായ്പ തിരിച്ചടക്കുമ്പോൾ രസീത് കൊടുക്കാറുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ;

(സി) ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിൽ നിന്നുള്ള വായ്പകൾ തിരിച്ചടക്കുമ്പോൾ വീഴ്ച കൂടാതെ രസീത് നൽകുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള ഖാദി ഗ്രാമവ്യവസായ ബോർഡിൽ 1994 വരെ നിലവിലിരുന്ന പാറ്റേൺ പദ്ധതിയുടെ തിരിച്ചടവ് അതാത് ജില്ലാ ട്രഷറികളിൽ ചെല്ലാൻ മുഖേന സെക്രട്ടറിയുടെ പി.ഡി. അക്കൗണ്ടിലും 1995 മുതൽ 2000 വരെയുള്ള കൺസോർഷ്യം ബാങ്ക് ക്രഡിറ്റ് പദ്ധതി പ്രകാരമുള്ള തിരിച്ചടവ് ബോർഡ് സെക്രട്ടറിയുടെ പേരിൽ ജില്ലാ ഓഫീസുകളിൽ ഡിമാന്റ് ഡ്രാഫ്റ്റായുമാണ് സ്വീകരിക്കുന്നത്. ബോർഡിന്റെ ഹെഡ് ഓഫീസിൽ മാത്രമേ തിരിച്ചടവ് തുക പണമായി സ്വീകരിക്കാറുള്ളൂ. ആയതിന് രസീത് നൽകാറുണ്ട്.

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly